നം. സി2/20732/2018

35

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം - 695004

ഫോൺ - 0471 - 2445749, 2445799

ഇമെയിൽ dddtvm@gmail.com

തിയതി: 22, നവംബർ, 2018

**സർക്കുലർ നം. 45/2018**

വിഷയം - ക്ഷീര വികസന വകുപ്പ് - വാർഷിക പദ്ധതി 2018 -19 - സമഗ്ര ഇൻഷ്വറൻസ് പദ്ധതി (ക്ഷീരസാന്ത്വനം) - ഗുണഭോക്തൃ വിഹിത സമാഹരണത്തിന് ക്ഷീര സഹകരണ സംഘങ്ങളുടെ ഫണ്ട് വിനിയോഗം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന - ഈ ഓഫീസിൽ നിന്നുള്ള 25.10.18 ലെ ഡി3/16561/17 നമ്പർ കത്ത്

ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ ക്ഷീരകർഷകരുടെയും, കുടുംബത്തിന്റെയും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി (ക്ഷീരസാന്ത്വനം) 2018-19 വർഷം ആരംഭിയ്ക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കരട് രൂപം ജില്ലാ, സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ സമിതികൾ ചർച്ച ചെയ്തു അന്തിമ രൂപം നൽകിയിട്ടുള്ളതും, നിയമാനുസൃത നടപടികളിലൂടെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, കറവപ്പശുക്കൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും, അതോടൊപ്പം തന്നെ കർഷകർക്കും, കുടുംബത്തിനും ആരോഗ്യ സുരക്ഷയും, പദ്ധതിയിൽ അംഗമാകുന്ന കർഷകന് അപകട സുരക്ഷയും, ലൈഫ് ഇൻഷ്വറൻസ് സുരക്ഷയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ക്ഷീര വികസന വകുപ്പിനോടൊപ്പം കേരള ക്ഷീരകർഷക ക്ഷേമനിധി, മേഖല യൂണിയനുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് വേണ്ടി ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ഒരു വിഹിതം നൽകുന്നതിന് തയ്യാറാണെന്നും, ആയത് കർഷകന്റെ സാമ്പത്തിക ബാധ്യത ലഘൂകരിയ്ക്കുന്നതിന് സഹായിക്കുമെന്നും വിവിധ തലങ്ങളിലും, സംഘങ്ങളിലും അഭിപ്രായം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് പ്രീമിയം തുക നൽകുന്നതിലേയ്ക്കായി ഉപചട്ടങ്ങൾ അംഗീകരിച്ച് ലഭിച്ചിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങൾ ടി ചട്ടങ്ങളിൽ പരാമർശിയ്ക്കുന്ന കന്നുകാലി വികസന നിധി, പൊതുനന്മ ഫണ്ട് എന്നിവയിൽ നിന്നും, ആയത് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ സംഘത്തിലെ

സാമ്പത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി പൊതുഫണ്ടിൽ നിന്നും, ഭരണസമിതി നിശ്ചയിക്കുന്ന തുക ചെലവഴിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഡയറക്ടർ

1. എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും (ഡപ്യൂട്ടി ഡയറക്ടർമാർ മുഖേന)
2. ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പൽ (തിരുവനന്തപുരം, ഓച്ചിറ, കോട്ടയം, ആലത്തൂർ, കോഴിക്കോട് ), സൂപ്രണ്ട്, കേരള ഫോഡർ ഫാം, വലിയതുറ
3. എല്ലാ ഗുണനിയന്ത്രണ ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എല്ലാ ക്ഷീര വികസന ഓഫീസർ/ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും(ഡപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. ചെയർമാൻ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റിവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ (റ്റി.ആർ.സി.എം.പി.യു., ഇ.ആർ.സി.എം.പി.യു., എം.ആർ.സി.എം.പി.യു.)
8. ഡപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ, കൺകറന്റ് ഓഡിറ്റ് (കെ.സി.എം.എം.എഫ്., റ്റി.ആർ.സി.എം.പി.യു., ഇ.ആർ.സി.എം.പി.യു., എം.ആർ.സി.എം.പി.യു.)
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും